## കത്തുകൾ

# മതവിദ്യാഭ്യാസം ഒരു വിയോജനക്കുറിപ്പ്




**മതവിദ്യാഭ്യാസം** മുസ്‌ലിമിന്റെ അവിഭാജ്യഘടകമാണ്. പലരീതിയിൽ ഒരുപാട് ഘട്ടങ്ങളിലൂടെയാണ് അത് ഇന്നത്തെ രൂപത്തിൽ എത്തിച്ചേർന്നത്. *പ്രബോധന*ത്തിൽ തന്നെ ഒരുപാടു പ്രാവശ്യം ഇതേ ചർച്ച വന്നിട്ടുണ്ട്. ചർച്ച ഒരിഞ്ചും മുന്നോട്ട് നീങ്ങിയിട്ടില്ലെന്നത് മറ്റൊരുകാര്യം. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സ്ഥാപനത്തിലെ അസിസ്റ്റന്റ് പ്രഫസറും മുപ്പത് വർഷമായി വിദ്യാഭ്യാസ രംഗത്ത് പരിചയമുള്ള വ്യക്തിയുമായ കെ. മുഹമ്മദ് അയിരൂരിനും പറയാനുള്ളത് പഴയകാര്യങ്ങളാണ്. ഒരുതരം സംശയം അദ്ദേഹത്തിനു തന്നെയുണ്ട്. മതവിദ്യാഭ്യാസത്തെ പറ്റിയാണോ, മദ്റസയെക്കുറിച്ചാണോ, അറബിക്കോളേജുകളെക്കുറിച്ചാണോ സംസാരിക്കുന്നത് എന്ന് അദ്ദേഹം തന്നെ സംശയിക്കുന്ന പോലെ. ഇടക്ക് അദ്ദേഹം പ്രാഥമിക മദ്റസാ വിദ്യാഭ്യാസത്തിലേക്ക് ഒതുങ്ങുകയും ചെയ്യുന്നു. ഓരോന്നിന്റെയും തലം വ്യത്യസ്തമാണെന്ന് അറിയാത്തതല്ലല്ലോ.

'മതവിദ്യാഭ്യാസത്തിന്റെ പോരായ്മകൾ വർഷങ്ങളായി ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിലും ക്രിയാത്മകമായ ഒരു പ്രവർത്തനവും ഉണ്ടാവുന്നില്ലെന്നത് ആശങ്കയുളവാക്കുന്നു' എന്നെഴുതുന്ന ലേഖകൻ ക്രിയാത്മകമായ ഒരു നിർദേശവും മുന്നോട്ടു വെക്കുന്നില്ലെന്ന് മാത്രമല്ല, പന്തീരാണ്ടുകാലം പഴക്കമുള്ള അതേ ആരോപണങ്ങൾ ആവർത്തിക്കുന്നു. സമുദായ നേതൃത്വം എന്ന ഒരു ശത്രുവിനെ പ്രതിസ്ഥാനത്ത് നിർത്തുകയും ചെയ്യുന്നു. സമുദായ നേതൃത്വം എന്നാൽ എന്താണ്? അങ്ങനെയൊന്ന് ഉണ്ടോ?

മതവിദ്യാഭ്യാസം ദീനീ അനുഷ്ഠാനത്തിന്റെ ഭാഗമായി നടക്കുന്ന ഒന്നാണ്. അതൊരു നിയോഗം പോലെ കൊണ്ടുനടക്കുന്നവരാണ് സുന്നികൾ. അവരുടെ ഉള്ള സന്നാഹങ്ങൾ വെച്ച് അവർ ഉത്പതിഷ്ണുക്കളെക്കാൾ ശിൽപശാലകളും പരിശീലന കളരികളും സംഘടിപ്പിക്കുകയും കൈപുസ്തകങ്ങൾ ഇറക്കുകയുമൊക്കെ ചെയ്യുന്നുണ്ടെന്ന കാര്യം ലേഖകന് അറിയില്ലെന്ന് തോന്നുന്നു. അവരുടെ ക്ലാസുകളും ഏറക്കുറെ അദ്ദേഹം പറഞ്ഞ രൂപത്തിലൊക്കെയാണ്. ഒരു പക്ഷേ, അവർ എജ്യുക്കേഷനിൽ തിയറിയോ മെതഡോളജിയോ ചൈൽഡ് സൈക്കോളജിയോ ഔപചാരികമായി പഠിച്ചിട്ടുണ്ടാവില്ല. ഇതൊക്കെ പഠിച്ച നമ്മുടെ സെക്യുലർ അധ്യാപകരിൽ എത്രപേർ SCRT ഉദ്ദേശിച്ച രൂപത്തിൽ പഠിപ്പിക്കുന്നുണ്ടെന്നും ആലോചിക്കേണ്ടതല്ലേ?

അപ്പോൾ മതവിദ്യാഭ്യാസത്തിന്റെയും ഭൗതിക വിദ്യാഭ്യാസത്തിന്റെയും പ്രശ്നം, ജോലി എന്നതിലപ്പുറം ഒരു നിയോഗമായി പഠനത്തേയും അധ്യാപനത്തേയും കാണുന്നില്ല എന്നതാണ്. രണ്ടു മേഖലയിലും ചിലരൊക്കെ അങ്ങനെയുണ്ട്. ഏറെയും അങ്ങനെ അല്ലതാനും.

ഒരുകാര്യം കൂടി. സമുദായനേതൃത്വം എന്ന ഇല്ലാത്ത കറുത്ത പൂച്ചയെ ഇരുട്ടത്ത് തപ്പാതെ ലേഖകനെപ്പോലെ ഈ മേഖലയിൽ പരിചയമുള്ളവർ ചെയ്യേണ്ടത് കൃത്യമായ ട്രെയ്നിംഗ് മെറ്റീരിയലുകൾ തയാറാക്കുകയും അവ ലേഖനങ്ങളായി പ്രസിദ്ധീകരിക്കുകയുമാണ്.

**ഹഫ്സ ഫാറൂഖ് കോളേജ്**

# 'തരിപ്പി'ന്റെ കഥകൾ

**'കുടിച്ചു** തുലയുന്ന കേരളം' (ലക്കം 37) വായിച്ചു. ഗാന്ധിയന്മാരും തൊഴിലാളികളുടെ പാർട്ടിക്കാരും ഇനിയൊരു തിരിച്ചുപോക്കിന് തയാറാവുമെന്ന് പ്രതീക്ഷിക്കുന്നത് വെറുതെയാണ്. കോടികൾ വാരിക്കൂട്ടുന്ന കള്ളിന്റെ വരുമാനം വേണ്ടെന്നുവെക്കാൻ ചില്ലറ 'ഈമാനൊ'ന്നും പോരല്ലോ.

മദ്യമൊഴുകുന്ന മാഹിക്കടുത്ത് കഴിയുന്ന ഞങ്ങൾ വൈകുന്നേരങ്ങളിൽ കാണേണ്ടി വരുന്ന പേക്കൂത്തുകൾ പുറത്തുപറയാൻ പറ്റാത്തതാണ്.

നാലഞ്ചുമൈലുകൾക്കപ്പുറമുള്ള ഒരു ആഢ്യ കുടുംബത്തിൽനിന്ന് എന്റെ അകന്ന ബന്ധുവിന് ആലോചന വന്നപ്പോൾ പിതാവ് അധികമാലോചിക്കാതെ നിക്കാഹ് നടത്തിക്കൊടുത്തു. ഒരാഴ്ചക്കകം മനസ്സിലായി വിറയലിൽ എത്തിനിൽക്കുന്നവനാണ് വരനെന്ന്. നാട്ടിൽനിന്ന് മൂക്കറ്റം മോന്തി പാറാലിൽ ഇറങ്ങി വീണ്ടും ബോധം നശിക്കുംവരെ അകത്താക്കി ഷാപ്പിലെ ജോലിക്കാർ വീട്ടിലെത്തിക്കുന്ന പതിവ് തുടർന്നപ്പോൾ പെൺകുട്ടി, തന്നെ ഒഴിവാക്കിതരണമെന്നു പറഞ്ഞ് രംഗത്തുവന്നു. ചെറുക്കന്റെ ഉമ്മയോട് സങ്കടമുണർത്തിയപ്പോൾ മറുപടി 'ഇന്നാരാ മോനേ ഇതൊന്നുമില്ലാത്തവരായി' എന്നായിരുന്നു. ബന്ധം വേർപെടുത്തപ്പെട്ട ആ കുട്ടി ഇന്നും വീട്ടിലിരിപ്പാണ്.

അടുത്തിടെ ബൈക്കപകടത്തിൽ പരിക്കേറ്റ ഒരാളെ ആശുപത്രിയിലെത്തിച്ചപ്പോൾ ചികിത്സിച്ച ഡോക്ടർ പറഞ്ഞത് തരിപ്പിലായതു കാരണം എനിക്ക് തരിപ്പിക്കേണ്ടി വന്നില്ല എന്നാണ്. ഈ 'തരിപ്പിൽ'നിന്ന് അവരെ രക്ഷപ്പെടുത്തിയെടുക്കാൻ മഹല്ലു ഭാരവാഹികൾ ജാഗ്രത പുലർത്തണം. മുസ്‌ലിം സംഘടനകൾ അറിയുന്നില്ലേ കുടിച്ചു തുലയുന്ന നമ്മുടെ ചെറുപ്പക്കാരുടെ തരിപ്പിന്റെ കഥകൾ?

**കെ.എ മമ്മുട്ടി കവിയൂർ**

# അഭിപ്രായ ഭിന്നത ഐക്യത്തിന് തടസ്സമല്ല

**മുജാഹിദ്** പ്രസ്ഥാനത്തിലെ ഇരു ചേരികളും ഒന്നിക്കുമെന്ന വിശ്വാസം സമുദായത്തിലെ ഭൂരിഭാഗത്തിനുമില്ല. ആ വിഭാഗങ്ങൾ തമ്മിൽ സംവാദങ്ങൾ നടക്കുന്നതിനുപകരം വിവാദങ്ങൾ കത്തിപ്പടരുന്ന സാഹചര്യത്തിൽ കേരളത്തിലെ ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിക സമാജത്തെക്കുറിച്ചുണ്ടായേക്കാവുന്ന, ഇതിനകം ഉണ്ടായിക്കഴിഞ്ഞ വിചാരങ്ങളെ പ്രതി വേദനിക്കുന്നവരാണ് നന്മേഛുക്കളായ സമുദായാംഗങ്ങൾ. തലക്കുവെളിവുള്ള മനുഷ്യർ എവിടെ കൂടിയാലും പലതുണ്ടാവും അഭിപ്രായങ്ങൾ. ഈ പ്രകൃതി നിയമത്തിൽ നിന്ന് പ്രസ്ഥാനങ്ങളും ഒഴിവല്ല. പക്ഷേ, അത്തരം വഴിപിരിയലുകളെ തെരുവുയുദ്ധങ്ങൾക്കിടയാക്കാതെ സർഗാത്മകമായി കൂട്ടിയോജിപ്പിക്കുകയാണ് ഇസ്‌ലാമികമായ ശൈലിയും സ്വഭാവവും. അതുകൊണ്ടാണ് അഭിപ്രായ വ്യത്യാസങ്ങൾ എന്റെ സമുദായത്തിന് അനുഗ്രഹമാണെന്ന് പ്രവാചകൻ പറഞ്ഞത്. അതൊരിക്കലും ഇസ്‌ലാമിക സമൂഹത്തിന്റെ വളർച്ചക്ക് വിഘാതമായി നിൽക്കുകയില്ല, മറിച്ച് സർഗാത്മകവും മികവുറ്റതും കൂടുതൽ ശാസ്ത്രീയവുമായ ആവിഷ്കാരങ്ങൾക്കിടവരുത്തുകയും ഇസ്‌ലാമിക സമൂഹത്തിന്റെ സൗന്ദര്യത്തിന് മാറ്റു കൂട്ടുകയും ചെയ്യും.


കേരളത്തിൽ സജീവമായിരുന്ന സമുദായ ഐക്യം എന്ന വിഷയം തൽക്കാലം സമുദായത്തിലെ ഒരു സംഘടനയുടെ ഐക്യം എന്നതിലേക്ക് പരിമിതപ്പെട്ടതാണ് പ്രശ്നത്തിന്റെ മറ്റൊരു വശം. സമുദായം ഒന്നടങ്കം യോജിപ്പിന്റെ വഴിയിലേക്കു തിരിഞ്ഞാലും തങ്ങളെ സംബന്ധിച്ചേടത്തോളം അത് അസാധ്യമാണെന്ന് രണ്ടുഗ്രൂപ്പുകളും ഏതാണ്ട് തീരുമാനിച്ചപോലെയാണ്. ഇവിടെ ആരെയും തെറ്റിക്കാനും അടുപ്പിക്കാനും മാലോകർക്കാർക്കും സാധ്യമല്ല. തെറ്റുന്നതും നന്നാവുന്നതും ഒക്കെ അവരവർതന്നെയാണ്. അതു കൊണ്ട് അവരവർ സ്വയം തീരുമാനിച്ചിട്ടില്ലാത്ത ഒരു വിഷയത്തിൽ പുറത്തുനിന്നുള്ള അപേക്ഷകൾക്കും ആഹ്വാനങ്ങൾക്കും വലിയ പ്രസക്തിയില്ല. "ഇസ്‌ലാമിക സമൂഹത്തിൽ നിലനിൽക്കുന്ന കാഴ്ചപ്പാടുകളിലെ വൈവിധ്യം മുസ്‌ലിംകൾക്ക് പ്രയോജനപ്രദമാണ്. എതിർവാദമുന്നയിക്കുന്ന കാഴ്ചപ്പാടുകൾ, അവ തമ്മിൽ സന്തുലനം പാലിക്കാനും അവയിൽ നിയന്ത്രണം പാലിക്കാനും വഴിയൊരുക്കും. തീവ്രതയിലേക്ക് വഴുതിപ്പോകാതെ ഒരു മധ്യമാർഗം സ്വീകരിക്കുന്നതിന് ഈ വൈവിധ്യം സമുദായത്തെ സഹായിക്കും. വ്യത്യസ്തമായ അഭിപ്രായങ്ങളിൽ, പതമുള്ള ഒന്ന് തെരഞ്ഞെടുക്കാൻ അത് വ്യക്തികൾക്ക് സൗകര്യം നൽകും. സാവധാനത്തിലുള്ളതും കരുതലോടെയുള്ളതുമായ ഒരു മാറ്റം അതുറപ്പുവരുത്തും. ഇത് വിപ്ലവത്തിന്റെ പ്രണേതാക്കൾക്ക് മോഹഭംഗമുണ്ടാക്കുമെങ്കിലും മുസ്‌ലിംകളുടെ പൊതുനന്മക്ക് ഗുണകരമാകും. ഇസ്‌ലാമിൽ തൽപരരായ അമുസ്‌ലിംകൾക്ക് ഏകമായ ഏകീകൃതമായ ഒരു മധ്യമസമുദായത്തെ-ബുദ്ധിപരമായ കാഴ്ചപ്പാടുകളിൽ വിശാലത അനുവദിക്കുന്ന ഒരു സമുദായത്തെ പ്രദാനം ചെയ്യും"(*മാലാഖമാർ പോലും ചോദിക്കുന്നു*, ജെഫ്രി ലാംഗ് പുറം: 302).

**വി.ടി.അനീസ് അഹ്മദ്**
**മുള്ളൻകുന്ന്**

## ആവേശകരമായ സമരം

**മുക്കാൽ** സെന്റ് കോളനി നിവാസികൾക്കായി സോളിഡാരിറ്റി നടത്തിയ സമരം ഇസ്‌ലാമിക പ്രവർത്തകർക്ക് ആവേശം പകരുന്നതാണ് (ലക്കം: 36). കുളത്തുപുഴയിലെ ഭൂമിതിരിച്ചു പിടിക്കൽ സമരം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചുവടുവെപ്പുകളിൽ ഒരു നാഴികക്കല്ലാണെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയിലെ വമ്പൻ യുവജന പ്രസ്ഥാനങ്ങളുടെ വക്താക്കളെന്ന് അവകാശപ്പെടുന്നവരുടെ ചോരച്ചൂട് ആറിത്തണുക്കുമ്പോൾ ആദർശത്തിന്റെ കരുത്തുള്ള പ്രസ്ഥാനങ്ങൾക്കേ സമരങ്ങൾക്ക് ഊർജം നൽകാനാവൂ. ഇടത് വലതു ഗവൺമെന്റുകൾ കോടികളുടെ ഭൂകൊള്ള നടത്തുമ്പോൾ, ഭൂമിയുടെ യഥാർഥ അവകാശികൾക്കു നേരെ കണ്ണിറുക്കിയടക്കുന്ന രാഷ്ട്രീയ വഞ്ചന കൂടിയാണ് ഈ സമരവിജയത്തിലൂടെ സോളിഡാരിറ്റി പുറത്തുകൊണ്ട് വന്നിരിക്കുന്നത്.

**എ. ഹുസൈൻ കരുനാഗപ്പള്ളി**



www.jihkerala.org

### യിവോൺ റിഡ്‌ലിക് സ്വീകരണം

**2008** മാർച്ച് 3-ന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ എസ്.ഐ.ഒ സംഘടിപ്പിച്ച പൊതുയോഗത്തിൽ യിവോൺ റിഡ്‌ലി, ശൈഖ് മുഹമ്മദ് കാരകുന്ന്, ബിശ്‌റുദ്ദീൻ ശർഖി, സി. ദാവൂദ്, കെ.പി സൽവ എന്നിവർ ചെയ്ത പ്രസംഗത്തിന്റെ ഓഡിയോ ജമാഅത്ത് സൈറ്റിൽ.

യു.എ.ഇ ഐ.വൈ.എ ഘടകം തയാറാക്കിയ *മറ്റൊരു ജീവിതം സാധ്യമാണ്* എന്ന ഫീച്ചർ ഡോക്യുമെന്ററിയും സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം.

## ചുരുക്കെഴുത്ത്

**കേരളത്തിലെ** തീരദേശങ്ങളിൽ താമസിക്കുന്ന മുസ്‌ലിംകൾ സ്വന്തമായുള്ള തുണ്ടുഭൂമി തുഛവിലയ്ക്ക് വിറ്റ് വാടകക്ക് ക്വാർട്ടേഴ്സുകളിലേക്ക് മാറിത്താമസിക്കുന്ന പ്രവണത കണ്ടുവരുന്നു.

സ്വന്തമായുള്ളത് വിറ്റ് വാടകക്കാരാവുന്നവർക്ക് പിന്നീടൊരിക്കലും ഭൂമിയോ പാർപ്പിടമോ സ്വന്തമാക്കാനാവില്ല. ഫലത്തിൽ അവർ അഭയാർഥികളാവുകയാണ്. ആഡംബര ഭ്രമമാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്. ഇതിന്റെ അപകടങ്ങളെക്കുറിച്ച് ഇവരെ ബോധവൽക്കരിക്കണം.

**എം.കെ ആരിഫ**
**പൂഴിപ്പറമ്പത്ത**

**ജമാൽ** കടന്നപ്പള്ളി എഴുതിവരുന്ന ലേഖനങ്ങൾ പുസ്തകരൂപത്തിൽ ക്രോഡീകരിക്കുന്നത് നന്നായിരിക്കും.

**ബി.ടി. അബൂഫൈസൽ**
**കടപ്പുറം, ബുഖാറ്**

# അമേരിക്ക വഴിയൊരുക്കുന്ന പാരിസ്ഥിതിക ദുരന്തം

**'ആഗോള** താപനവും പടിഞ്ഞാറൻ രാജ്യങ്ങളുടെ ഹുങ്കും' (ലക്കം: 33) എന്ന കുറിപ്പിന് ഒരു അനുബന്ധം. ഭൂമിയിലെ ഏറ്റവും കുറവ് ജനവാസമുള്ള ദ്വീപാണ് ഗ്രീൻലാന്റ്. നൂറ്റാണ്ടുകളായി മഞ്ഞു മൂടിക്കിടക്കുന്ന ഈ പ്രദേശം ഇപ്പോൾ 21 ക്യൂബിക് മൈൽ എന്ന തോതിൽ ഓരോ വർഷവും ഉരുകി സമുദ്രത്തിൽ ലയിക്കുന്നു. ആഗോളതാപനത്തിന്റെ ഫലമായി ആസ്ത്രേലിയയിൽ കാട്ടുതീ നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. ഈ കാട്ടുതീ കാരണമായി വളർത്തു മൃഗങ്ങളിൽ രോഗങ്ങൾ പടരുകയും കൃഷി നശിക്കുകയും ജലക്ഷാമം ഉണ്ടാവുകയും ചെയ്യുന്നു. ഇതിൽ മനംനൊന്ത് ഒരു കൊല്ലം 300-500 വരെ കർഷകർ ആത്മഹത്യ ചെയ്യുന്നു. ന്യൂസിലാന്റിൽ വേനൽക്കാലത്തെ മഞ്ഞുവീഴ്ചയും കൊടുങ്കാറ്റും വർധിച്ചു. ഇതിന്റെ ഫലമായി കാലിസമ്പത്തിൽ വൻ നഷ്ടമാണ് ഉണ്ടായത്.

ആഗോളതാപനം ഭൂഗർഭജലത്തിന്റെ അളവിലും പ്രതിഫലിക്കുന്നു. ബ്രിട്ടണിലെ ഹിലോരി പരിസ്ഥിതി സെന്റർ ജലക്ഷാമത്തെക്കുറിച്ചും വരൾച്ചയെക്കുറിച്ചും നടത്തിയ സർവേ പറയുന്നത്, വയൽ പ്രദേശങ്ങൾ അടുത്ത മൂന്നു വർഷങ്ങൾക്കകം കടുത്ത ജലക്ഷാമത്തിനും വരൾച്ചക്കും വിധേയമാകുമെന്നാണ്. ഇത് വളരെയധികം ബാധിക്കുക ആഫ്രിക്കൻ രാജ്യങ്ങളെയാണ്. ലോകത്ത് ഏറ്റവും കൂടുതൽ മലിനീകരണമുണ്ടാക്കുന്ന അമേരിക്ക ക്യോട്ടോ കരാറിൽ ഒപ്പുവെക്കാതിരുന്നത് ഭീകരമായൊരു പാരിസ്ഥിതിക ദുരന്തത്തിലേക്കുള്ള സൂചനയാണ്. സ്വാർഥ താല്പര്യങ്ങൾക്കു പിന്നാലെയുള്ള ഓട്ടത്തിൽ ആ രാഷ്ട്രം മുഴുവൻ മനുഷ്യരാശിയെയും അപകടത്തിലേക്ക് തള്ളിവിട്ടിരിക്കുകയാണ്.

**മഹ്ബൂബ് ത്വാഹ കൊല്ലം**

# സമസ്തയെപ്പറ്റി

**'മതിപ്പും** ആദരവും ഇല്ലാതാക്കിയതാര്?' എന്ന കെ.പി.കുഞ്ഞിമ്മൂസയുടെ പ്രതികരണം(ലക്കം: 36) ചിന്തനീയമാണ്. മുസ്‌ലിം ഐക്യം, മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് മാന്യമായ പെരുമാറ്റച്ചട്ടം, സമസ്തയോടുള്ള ഇതരസംഘടനകളുടെ സമീപനം എന്നിവയാണല്ലോ പ്രതികരണത്തിന്റെ മുഖ്യ ഊന്നലുകൾ. ഇവയിൽ സമസ്തയെക്കുറിച്ച് ചിലതുപറയാനാണ് ഉദ്ദേശിക്കുന്നത്.

നാട്ടിലെ മുഴുവൻ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നിമിത്തം സമസ്തയാണെന്ന ചിലരുടെ വിലയിരുത്തലുകൾ തിരുത്തപ്പെടേണ്ടതാണ്. മതവുമായി യാതൊരു ബന്ധവുമില്ലാത്ത തനി 'ജാഹിലുകളുടെ' പ്രവർത്തനങ്ങളെപ്പോലും സമസ്തയുടെ കോളത്തിൽ വരവുവെക്കുന്നതിൽ നീതിയില്ല.

സമസ്തയുടെ ചില കഴിഞ്ഞ കാല പ്രമേയങ്ങൾ (മുബ്തദിഉകളോടുള്ള സമീപനം, സ്ത്രീ വിദ്യാഭ്യാസം എന്നിവയെക്കുറിച്ച മണ്ണാർക്കാട് പ്രമേയങ്ങൾ) ഇപ്പോൾ സമസ്ത തന്നെ ഉപേക്ഷിച്ച മട്ടാണ്. സുന്നി-മുജാഹിദ്-ജമാഅത്ത് പ്രവർത്തകർ തമ്മിലുള്ള വിവാഹബന്ധങ്ങൾക്കും സുഹൃദ് ബന്ധങ്ങൾക്കും ഉപരിസൂചിത പ്രമേയം ആധാരമാക്കി ഏതെങ്കിലും പണ്ഡിതൻ തടസ്സം നിൽക്കുന്നില്ല. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യവും തഥാ. നിലവാരമുള്ള വനിതാ പ്രസിദ്ധീകരണം സുന്നികൾ ഇപ്പോൾ നടത്തുന്നുണ്ട്. വിശുദ്ധ ഖുർആൻ പരിഭാഷ, മദ്റസ വിദ്യാഭ്യാസം പോലുള്ള കാര്യങ്ങളിലും സുന്നികൾ പഴയ അഭിപ്രായങ്ങളിലല്ല ഇപ്പോഴുള്ളത്. ആയിരുന്നെങ്കിൽ അവർ സ്വന്തമായി ഖുർആൻ പരിഭാഷ ഇറക്കുകയോ മദ്റസകൾ നടത്തുകയോ ചെയ്യുമായിരുന്നില്ല. സമസ്തപോലും കൈവിട്ട ചില പഴകിയ അഭിപ്രായങ്ങൾ പൊക്കിപ്പിടിച്ച് അവരുടെ വർത്തമാനകാല നവോത്ഥാന യത്നങ്ങൾ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ല. വ്യക്തികളുടെതായാലും സംഘടനകളുടെതായാലും ചീത്തവശങ്ങളല്ല, നല്ല വശങ്ങളാണ് ചികയേണ്ടത്.

**ജമാൽ കടന്നപ്പള്ളി**

# വില്ലൻ കഥാപാത്രങ്ങളായി മുസ്‌ലിംകൾ

**മനോഹരമായ** കഥകൾ എഴുതുന്ന കഥാകൃത്താണ് എസ്. മഹാദേവൻ തമ്പി. അദ്ദേഹത്തിന്റെ കഥകൾ ഒരേസമയം പാരായണ സുഖവും വിശാലമായ ചിന്താലോകവും പകർന്നു തരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഏതാണ്ടെല്ലാ കഥകളിലും ക്രൂര കഥാപാത്രങ്ങൾ മുസ്‌ലിം നാമധാരികളായിരിക്കും. ഈയിടെ ഇറങ്ങിയ 'അധിനിവേശം' എന്ന കഥ ഏറെ വായിക്കപ്പെടുകയും ചർച്ചയാവുകയും ചെയ്തതാണ്. അതിലെ യൂസുഫ്ഖാൻ എന്നയാൾ കേരളിത്തിലെ മർമ പ്രധാനമായ സ്ഥലങ്ങളിലുള്ള ഭൂമിയാകെ വലിയ വിലകൊടുത്തു വാങ്ങുന്നു. അതിനായി പല ക്രൂരകൃത്യങ്ങളും മടിയേതുമില്ലാതെ ചെയ്യുന്നു.

എതിർക്കുന്നവരുടെ കുടുംബത്തെ ഒന്നടങ്കം ഉന്മൂലനം ചെയ്യുന്നു. ഭൂമി വാങ്ങാനായി പൈസയിറക്കുന്നത് തഖിയുദ്ദീൻ, മൊഹ്‌യുദ്ദീൻ, ബദറുദ്ദീൻ എന്നിവരാണ്! അവരാകട്ടെ ചാക്കുകണക്കിന് ഇന്ത്യൻ കറൻസി, കള്ളനോട്ടായി ഇറക്കുന്നു. ഒറിജിനലിനെ വെല്ലുന്ന കള്ളനോട്ടിറക്കലാണ് ഇവരുടെ പണി.

'ഇന്ത്യ 60' എന്ന കഥയിൽ ബലാത്സംഗം ചെയ്ത് കൊലനടത്തുന്ന പോലീസുകാരൻ ജലാലുദ്ദീൻ! കൂട്ടുകച്ചവടം നടത്തുന്ന ഗോപാലനെ കൊന്ന് കച്ചവടം സ്വന്തമാക്കുന്ന അബ്ദുൽവഹാബ്. വഹാബ് നടത്തുന്ന ഹോട്ടലിൽ കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നു.

ഭേദപ്പെട്ട കഥകളെഴുതുകയും കുറെ വായിക്കപ്പെടുകയും ചെയ്യുന്ന ഇദ്ദേഹത്തിന്റെ കഥകളിലെ കഥാപാത്രങ്ങളിൽ ക്രൂരന്മാർ വരുമ്പോൾ എന്തേ പേരുകൾ മുസ്‌ലിം പേരുകളാവുന്നു? (കഥകൾ *മലയാളം* വാരികയിൽ).

**നുഹ ബിൻത് കവ്വായി**